പതിനാലാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2016-2019)

## മൂന്നാമത് റിപ്പോർട്ട്

(ഭേദഗതികളോടെ സഭ അംഗീകരിച്ചത്)

സഭയിൽ സമർപ്പിച്ചത് : 2018 ഡിസംബർ 12

സഭ അംഗീകരിച്ചത് : 2018 ഡിസംബർ 13

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി (2016-2019)

## മൂന്നാമത് റിപ്പോർട്ട്

(ഭേദഗതികളോടെ സഭ അംഗീകരിച്ചത്)

സഭയിൽ സമർപ്പിച്ചത് : 2018 ഡിസംബർ 12

സഭ അംഗീകരിച്ചത് : 2018 ഡിസംബർ 13

1657/2018.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | ആമുഖം | .. | vii |
| 3. | റിപ്പോർട്ട് | .. | 1-2 |
| 4. | അനുബന്ധം 1-8 | .. | 3-15 |

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി
# (2016-2019)

## സമിതിയുടെ ഘടന

<u>ചെയർമാൻ</u> :

ശ്രീ. എ. പ്രദീപ്കുമാർ.

<u>അംഗങ്ങൾ</u> :

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഡി. കെ. മുരളി

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, പതിനാലാം കേരള നിയമസഭാംഗമായ ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-ക്കെതിരെ ബാലരാമപുരം സ്വദേശി ശ്രീ. സ്റ്റാൻലി ബഹു. സ്പീക്കർക്ക് നൽകിയ പരാതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രസ്തുത പരാതി പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 22-8-2017-ന് ബഹു. സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തു. 2017 നവംബർ 15, 2017 ഡിസംബർ 5, 2017 ഡിസംബർ 27, 2018 സെപ്റ്റംബർ 12 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ മേൽ വിഷയം സമിതി വിശദമായി പരിശോധിച്ചു.

സമിതി യോഗങ്ങളിലെ വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനവും സമിതിയുടെ ശിപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സമിതിയുടെ യോഗനടപടിക്കുറിപ്പുകളും മറ്റ് ബന്ധപ്പെട്ട രേഖകളും ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

2018 ഡിസംബർ 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. പ്രദീപ്കുമാർ,

*ചെയർമാൻ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 12.

# റിപ്പോർട്ട്

ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.-ക്കെതിരെ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം അന്തിയൂർ സ്വദേശി ശ്രീ. സ്റ്റാൻലി, ബഹു. സ്പീക്കർക്ക് 17-8-2017-ന് ഒരു പരാതി സമർപ്പിച്ചിരുന്നു. ശ്രീ. എം. വിൻസെന്റ്, എം. എൽ. എ. തന്റെ ഭാര്യയെ മാനസികമായും ശാരീരികമായും പീഡിപ്പിച്ചുവെന്നും ഇതിനെത്തുടർന്ന് ഭാര്യ ആത്മഹത്യയ്ക്ക് ശ്രമിക്കുകയും ഈ വിഷയം സംബന്ധിച്ച് എം. എൽ. എ.-ക്കെതിരെ ബാലരാമപുരം പോലീസ് കേസ് ചാർജ്ജ് ചെയ്ത് എം. എൽ. എ. റിമാൻഡ് ചെയ്യപ്പെട്ടുവെന്നും എം. എൽ. എ. യുടെ അനുയായികളുടെ ഭീഷണി കാരണം സ്വന്തം വീട്ടിൽ താമസിക്കാൻ നിവൃത്തിയില്ലായെന്നും പരാതിയിൽ ആരോപിച്ചിരുന്നു. ഇത്തരത്തിലുള്ള ഒരാൾ ജനപ്രതിനിധിയായി തുടരുന്നത് നിയമത്തിന് നിരക്കാത്തതിനാൽ നിയമസഭാംഗത്വത്തിൽ നിന്ന് അദ്ദേഹത്തെ അയോഗ്യനാക്കണമെന്നതായിരുന്നു പരാതിയിലെ ആവശ്യം. പ്രസ്തുത പരാതി (അനുബന്ധം 1) ബഹു. സ്പീക്കർ കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 250 (2), 250 (3) (സി) എന്നിവ പ്രകാരം 22-8-2017-ന് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയ്ക്ക് റഫർ ചെയ്തു. (അനുബന്ധം 2)

സമിതി 15-11-2017, 5-12-2017 എന്നീ തീയതികളിൽ പ്രസ്തുത പരാതി വിശദമായി പരിഗണിച്ചു (അനുബന്ധം 3, 4). ശ്രീ. എം. വിൻസെന്റിന്റെ നിയമസഭാ അംഗത്വം റദ്ദാക്കണമെന്നതാണ് പരാതിയിലെ ആവശ്യമെന്നും അതിനുള്ള അധികാരം സമിതിയ്ക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഒരംഗം ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടാൽ ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അയോഗ്യനാക്കപ്പെടുക എന്നതിനാൽ അംഗത്തിനെതിരെ വന്ന പരാതിയുടെ അടിസ്ഥാനത്തിൽ, അയോഗ്യത സംബന്ധിച്ച കാര്യത്തിൽ ശിപാർശ നടത്താൻ സമിതിയ്ക്ക് സാധിക്കില്ലെന്നും സ്ത്രീ പീഡന വിഷയത്തിൽ പോലീസ് നടത്തുന്ന അന്വേഷണത്തിന് സമാന്തരമായി അന്വേഷണം നടത്താൻ സമിതിയ്ക്ക് പരിമിതികൾ ഉണ്ടെന്നും സമിതി വിലയിരുത്തി.

"Discussion on a matter which is subjudice is out of order" എന്ന ലോക്സഭാ നടപടി ഉദ്ധരിച്ചുകൊണ്ടുള്ള കൗൾ ആന്റ് ശക്തറിന്റെ പ്രാക്ടീസ് ആന്റ് പ്രൊസീഡ്യുവർ ഓഫ് പാർലമെന്റ് എന്ന ഗ്രന്ഥത്തിലെ പരാമർശവും (pg 1126, VI Edition) "Rule of Subjudice has application in Criminal cases from the time charge sheet is filed till judgement is delivered" എന്ന, കോടതി മുമ്പാകെ പരിഗണനയിലിരിക്കുന്ന കാര്യങ്ങൾ നിയമനിർമ്മാണസഭകൾ പരിഗണിക്കുന്നത് സംബന്ധിച്ച് സഭാദ്ധ്യക്ഷന്മാരുടെ കമ്മിറ്റി ചുമതലപ്പെടുത്തിയതനുസരിച്ച് മഹാരാഷ്ട്ര ലെജിസ്ലേറ്റീവ് കൗൺസിൽ ചെയർമാനായിരുന്ന ശ്രീ. വി. എസ്. പേജ് അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ, മാർഗ്ഗനിർദ്ദേശവും "The Committee shall not take up any matter which is subjudice and the decision of the Committee shall be deferred till the matter is settled by the court" എന്ന രാജ്യസഭയുടെ എഥിക്സ് കമ്മിറ്റിയുടെ ചട്ടവും ഈ വിഷയത്തിലും പ്രസക്തമാണെന്ന് സമിതി വിലയിരുത്തി. ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.-ക്കെതിരെ പോലീസ് ചാർജ് ചെയ്ത കേസിന്റെ

അവസ്ഥ സംബന്ധിച്ച് 5-12-2017-ലെ യോഗത്തിൽ തീരുമാനിച്ച പ്രകാരം ആഭ്യന്തര വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ഇതിൻപ്രകാരം ആഭ്യന്തര വകുപ്പ് 12-12-2017-ന് സമർപ്പിച്ച റിപ്പോർട്ടിലൂടെ ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.-ക്കെതിരെയുള്ള ക്രിമിനൽ കേസിൽ അന്വേഷണം പൂർത്തിയാക്കി 7-12-2017-ന് നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് III കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് അറിവാകുകയും ചെയ്തു (അനുബന്ധം 5). പരാതി വിഷയം സംബന്ധിച്ച ക്രിമിനൽ കേസ് കോടതിയുടെ പരിഗണനയിലാണെന്നതിനാൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

## സമിതിയുടെ നിഗമനം

ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.യുടെ നിയമസഭാംഗത്വം റദ്ദാക്കണമെന്ന പരാതിക്കാരന്റെ ആവശ്യം സമിതിയ്ക്ക് പരിഗണനയ്ക്കെടുക്കാൻ കഴിയുന്ന വിഷയമല്ലാത്തതിനാലും അദ്ദേഹത്തിനെതിരെയുള്ള ക്രിമിനൽ കേസ് കോടതിയുടെ പരിഗണനയിലായതിനാലും പരാതിയിൽ തുടർ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിക്കുന്നു.

## സമിതിയുടെ ശിപാർശ

ശ്രീ. എം. വിൻസെന്റിന്റെ നിയമസഭാംഗത്വം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സ്റ്റാൻലി സമർപ്പിച്ച ഹർജിയിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. പ്രദീപ്കുമാർ,

*ചെയർമാൻ,*
*പ്രിവിലേജസ്, എഥിക്സ് എന്നിവ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 10.

അനുബന്ധം 1

# ബഹുമാനപ്പെട്ട കേരള നിയമസഭ സ്പീക്കർ അവർകൾ മുൻപാകെ തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം സ്വദേശി സ്റ്റാൻലി ബോധിപ്പിക്കുന്ന ഹർജി

ഞാൻ ടി വിലാസത്തിലെ താമസക്കാരനാണ്. ഞാനും ഭാര്യ ******യും ഒരു മകനും അടങ്ങുന്നതാണ് എന്റെ കുടുംബം. കഴിഞ്ഞ രണ്ട് വർഷമായി ഞങ്ങളുടെ വീടിനടുത്ത് താമസക്കാരനും ഇപ്പോൾ കോവളം മണ്ഡലത്തിലെ എം.എൽ.എ.-യുമായ ശ്രീ.വിൻസെന്റ് എന്റെ ഭാര്യയെ നിരന്തരമായി ഫോണിൽ വിളിച്ച് അസഭ്യം പറയുകയും ഭീഷണിപ്പെടുത്തി ശാരീരികമായി പീഡിപ്പിക്കുകയും ബലാൽസംഗം ചെയ്യുകയും ചെയ്തു. ഇതിൽ മനംനൊന്ത് എന്റെ ഭാര്യ 19-7-2017-ന് ആത്മഹത്യയ്ക്ക് ശ്രമിക്കുകയും തുടർന്ന് ആശുപത്രിയിൽ ലഭിച്ച ചികിത്സയുടെ ഭാഗമായി രക്ഷിക്കാനും കഴിഞ്ഞു. ഈ വിവരത്തിന് ബാലരാമപുരം പോലീസ് 940/17-ാം നമ്പരായി ഇൻഡ്യൻ ശിക്ഷാ നിയമം 294 (ബി), 506 (1), 306, 120 (0) and U/s 376 വകുപ്പുകൾ പ്രകാരം കേസ് ഹർജി ചെയ്തിട്ടുള്ളതാകുന്നു. ഇപ്പോൾ ഈ കേസിൽ എം.എൽ.എ. ജയിലിലാണ്.

എന്റെ ഭാര്യ ചികിത്സ കഴിഞ്ഞ് വീട്ടിലേയ്ക്ക് 24-7-2017-ന് മടങ്ങി വരവെ ശ്രീ.വിൻസെന്റ് എം.എൽ.എ.-യുടെ അനുയായികൾ ചേർന്ന് എന്നെയും എന്റെ കുടുംബത്തെയും ആക്രമിച്ചു. തുടർന്ന് ഞങ്ങൾ സ്വന്തം വീട്ടിൽ നിന്നും മാറി മറ്റൊരു വീട്ടിലാണ് താമസിക്കുന്നത്.

ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഒരാൾ ജനപ്രതിനിധി ആയി തുടരുന്നത് നിയമത്തിന് നിരക്കുന്നതല്ല. ആകയാൽ എം.എൽ.എ.-യെ അയോഗ്യനാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

17-8-2017

(ഒപ്പ്)
സ്റ്റാൻലി

അനുബന്ധം 2

# ബുള്ളറ്റിൻ ഭാഗം—2

2017 ഒക്ടോബർ 30

**നമ്പർ 338**

ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-ക്കെതിരെയുള്ള പരാതി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തത് സംബന്ധിച്ച്

തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം സ്വദേശി സ്റ്റാൻലി എന്ന വ്യക്തി ശ്രീ.എം.വിൻസെന്റ് എം.എൽ.എ.-ക്കെതിരെ ബഹു.സ്പീക്കർക്ക് നൽകിയിട്ടുള്ള പരാതിയിലെ ആരോപണങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി പ്രസ്തുത വിഷയം പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 250 (2), 250 (3) (സി) എന്നിവ പ്രകാരം ബഹു. സ്പീക്കർ റഫർ ചെയ്തിരിക്കുന്നു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

<u>അനുബന്ധം 3</u>

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2016-2019)

### 15-11-2017-ലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒരു യോഗം 2017 നവംബർ 15 ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 5 എ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജോർജ്. എം. തോമസ്, എം. എൽ. എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ.
3. ശ്രീ. വി. കെ. സി. മമ്മത് കോയ, എം. എൽ. എ.
4. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

1. <u>ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-ക്കെതിരെ ബാലരാമപുരം സ്വദേശി ശ്രീ. സ്റ്റാൻലി സമർപ്പിച്ച പരാതിയുടെ പരിഗണന:</u>

ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-ക്കെതിരെ ബാലരാമപുരം സ്വദേശി ശ്രീ. സ്റ്റാൻലി ബഹു. സ്പീക്കർക്ക് സമർപ്പിച്ചതും സമിതിക്ക് റഫർ ചെയ്യപ്പെട്ടതുമായ പരാതി സമിതി പരിഗണിച്ചു. പരാതി വിഷയം ക്രിമിനൽ കുറ്റമാണെന്നും അതുസംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കോടതിയായതിനാൽ പരാതി പരിഗണിക്കുന്നതിന് പരിമിതികളുണ്ടെന്ന് സമിതി വിലയിരുത്തി.

എം.എൽ.എ.യെ അയോഗ്യനാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് പരാതിയിലെ ആവശ്യമെന്നും എന്നാൽ അതിനുള്ള അധികാരം സമിതിക്കില്ലെന്നും കോടതി വിചാരണ നടത്തി എം.എൽ.എ. കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ മാത്രമേ അയോഗ്യത വരുന്നുള്ളുവെന്നും അതിന് സമാന്തരമായി അന്വേഷണം നടത്തുന്നതിന് സമിതിക്ക് പരിമിതികളുണ്ടെന്നും നിയമസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഗൗരവമുള്ള ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള സാമാജികരെ സംബന്ധിച്ചിടത്തോളം കോടതിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കണം പാർലമെന്ററി കമ്മിറ്റികൾ പ്രവർത്തിക്കേണ്ടതെന്ന് കൗൾ ആന്റ് ശക്ധറിനെ ഉദ്ധരിച്ചുകൊണ്ട് നിയമസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

1968-ലെ സ്പീക്കർമാരുടെ കോൺഫറൻസിലാണ് കോടതിയുടെ പരിഗണനയിൽ ഉള്ള വിഷയങ്ങളിൽ എന്തു ചെയ്യണമെന്ന് സംബന്ധിച്ച തീരുമാനമുണ്ടായതെന്നും കോടതിയുടെ പരിഗണനയിൽ ഉള്ള സിവിൽ/ക്രിമിനൽ കേസുകളെ സംബന്ധിച്ച് പാർലമെന്റിൽ ആ വിഷയം കൈകാര്യം ചെയ്യുകയോ ചർച്ച ചെയ്യുകയോ വേണ്ടെന്ന് തീരുമാനിച്ചതായും പാർലമെന്റിന്റെ അധികാരം തന്നെയാണ് നിയമസഭകൾക്കെന്നും ശ്രീ എം. വിൻസെന്റ് എം.എൽ.എ.-ക്കെതിരായ കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ നിന്നും റിപ്പോർട്ട് വാങ്ങിയ ശേഷം തീരുമാനമെടുക്കുന്നതാകും ഉചിതമെന്നും നിയമസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

നിയമസഭാ സാമാജികർക്കുള്ള പെരുമാറ്റച്ചട്ടം സഭയ്ക്കുള്ളിലും പുറത്തും പാലിക്കേണ്ടതാണെന്നും സാമാജികരുടെ പ്രിവിലേജും സഭയുടെ അന്തസ്സും സംരക്ഷിക്കപ്പെടേണ്ടതാണെന്നും സമിതി വിലയിരുത്തി. ആഭ്യന്തര വകുപ്പിനോട് പരാതി വിഷയം സംബന്ധിച്ച കേസിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെടാനും റിപ്പോർട്ട് ലഭിച്ച ശേഷം തുടർനടപടി തീരുമാനിക്കാമെന്നും സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 22-11-2017-ന് തിരുവനന്തപുരത്ത് വച്ച് ചേരുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.30 മണിക്ക് പിരിഞ്ഞു.

<u>അനുബന്ധം 4</u>

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2017 ഡിസംബർ 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി 2017 ഡിസംബർ 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-A സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം. എൽ. എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജോർജ് എം.തോമസ്, എം. എൽ. എ.
2. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

2. <u>ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-ക്കെതിരെ ബാലരാമപുരം സ്വദേശി സ്റ്റാൻലി സമർപ്പിച്ച പരാതി</u> :

(ഫയൽ നമ്പർ 4004/ടേബിൾ-2/2017/നി.സെ.)

ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-ക്കെതിരെ ബാലരാമപുരം സ്വദേശി സ്റ്റാൻലി സമർപ്പിച്ച പരാതി സമിതി പരിഗണിച്ചു. പരാതിക്കാസ്പദമായ വിഷയം കോടതിയുടെ പരിഗണനയിലിരിക്കുന്നതാണെങ്കിൽ നിയമസഭാ സമിതിക്ക് അക്കാര്യത്തിൽ പരിമിതി യുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത കേസ് സംബന്ധിച്ച് ചാർജ് ഷീറ്റ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ വിധിന്യായം വരാതെ മറ്റു നടപടികളിലേക്ക് പോകേണ്ടതില്ലെന്ന് നിയമസഭാ സെക്രട്ടറി സമിതി മുമ്പാകെ അഭിപ്രായപ്പെട്ടു.

ക്രിമിനൽ കേസ് തെളിയിക്കപ്പെട്ട് ശിക്ഷിക്കപ്പെട്ടാൽ ജനപ്രാതിനിധ്യ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അയോഗ്യനാക്കപ്പെടുക എന്നും അംഗത്തിനെതിരെ വന്ന പരാതിയുടെ അടിസ്ഥാനത്തിൽ എം.എൽ.എ.യെ അയോഗ്യനാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതിക്ക് സാധിക്കില്ലെന്നും ക്രിമിനൽ കേസ്സ് നടപടികളിലിരിക്കുന്ന വിഷയത്തിൽ തെളിവെടുപ്പ് നടത്താൻ സമിതിക്ക് പരിമിതികൾ ഉണ്ടെന്നും സമിതി വിലയിരുത്തി.

"Discussion of a matter which is Subjudice is out of order" എന്നും "Rule of Subjudice has application in Criminal cases from the time charge sheet is filed till judgement is delivered" എന്ന 1967-ലെ സഭാദ്ധ്യക്ഷൻമാരുടെ സമ്മേളന തീരുമാനപ്രകാരം രൂപീകരിച്ച പേജ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള മാർഗ്ഗനിർദ്ദേശവും (Practice and Procedure of Parliament by M. N. Kaul & S. L. Shakdher 6th Edition, Pg–1126) "The Committee shall not take up any matter which is subjudice and the decision of the Committee shall be deferred till the matter is settled by the court" എന്ന രാജ്യസഭയുടെ Committee on Ethics-ന്റെ ചട്ടവും ഈ വിഷയത്തിലും പ്രസക്തമാണെന്ന് സമിതി വിലയിരുത്തി. അതിനാൽ ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-ക്കെതിരെയുള്ള കേസിനെ സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികളുടെയും നിലവിലുള്ള സ്ഥിതി സംബന്ധിച്ചുമുള്ള ആഭ്യന്തര വകുപ്പിന്റെ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 13-12-2017-ന് തിരുവനന്തപുരത്തുവച്ച് ചേരുവാൻ തീരുമാനിച്ചു.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

അനുബന്ധം 5

നമ്പർ ആഭ്യന്തരം-എം.1/303/2017/ആഭ്യന്തരം

ആഭ്യന്തര (എം) വകുപ്പ്,
തിരുവനന്തപുരം, 12-12-2017.

പ്രേഷകൻ

ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി.

സ്വീകർത്താവ്

സെക്രട്ടറി,
കേരള നിയമസഭ,
തിരുവനന്തപുരം.

സർ,

വിഷയം: ആഭ്യന്തര വകുപ്പ്-പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയിൽ ശ്രീ. എം. വിൻസന്റ്, എം. എൽ. എ.-ക്കെതിരെയുള്ള ക്രിമിനൽ കേസ്- റിപ്പോർട്ട് സമർപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന: 1. താങ്കളുടെ 7-12-2017-ലെ 4004/ടേബിൾ-1/2017/നി.സെ. നമ്പർ കത്ത്.
2. നെയ്യാറ്റിൻകര പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് സമർപ്പിച്ച 12-12-2017 തീയതിയിലെ ജി.എൽ./5192/2017/സി. എസ്. ഡി. നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ശ്രീ. വിൻസെന്റ്, എം. എൽ. എ. ക്കെതിരെ ബാലരാമപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം നമ്പർ 940/17 കേസിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് 2-ാം സൂചന പ്രകാരം നെയ്യാറ്റിൻകര ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അയച്ചു തന്നിട്ടുള്ള റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
അനിത ബി. സി.,
*അണ്ടർ സെക്രട്ടറി,*
*ഗവ. അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി.*

No.GL/5192/2017/CSD

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,

നെയ്യാറ്റിൻകര

12-12-2017

പ്രേഷകൻ

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്
നെയ്യാറ്റിൻകര

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
ആഭ്യന്തരം (എം) വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-ക്ക് എതിരെയുള്ള ക്രിമിനൽ കേസിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : No. Home/MI/303/2017 dtd 8-12-2017

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സദയം ക്ഷണിച്ചുകൊള്ളുന്നു.

19-7-2017 തീയതി പകൽ ബാലരാമപുരം ************* എന്ന വീട്ടമ്മ അമിതമായി ഗുളികകൾ കഴിച്ച് ആത്മഹത്യാശ്രമം നടത്തി പത്താംകല്ല് നിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞുവരുന്നതായി ബാലരാമപുരം പോലീസ് സ്റ്റേഷനിൽ ഇന്റിമേഷൻ ലഭിച്ചതിനെത്തുടർന്ന് പോലീസ് പാർട്ടി ടി ആശുപത്രിയിലെത്തി അവിടെ കാർഡിയാക് ഐ.സി.യു.വിൽ കാണപ്പെട്ട ടിയാളുടെ മൊഴി രേഖപ്പെടുത്തുവാൻ ശ്രമിച്ചു എങ്കിലും ആയതിന് പ്രാപ്തയല്ലാത്തതിനാൽ മൊഴി രേഖപ്പെടുത്തുവാൻ സാധിച്ചിട്ടില്ലാത്തതും തുടർന്ന് ടിയാളുടെ ഭർത്താവായ സ്റ്റാൻലിയുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും ടി മൊഴിയിൽ ടിയാന്റെ ഭാര്യയുടെ ആത്മഹത്യാശ്രമത്തിന് കാരണം കോവളം നിയമസഭാ സാമാജികനും ആയ ശ്രീ. എം. വിൻസെന്റ് ആണെന്നും മറ്റും പറയുകയാൽ ടി എം.എൽ.എ.യെ പ്രതിസ്ഥാനത്ത് ചേർത്ത് ബാലരാമപുരം പോലീസ് സ്റ്റേഷൻ ക്രൈം 940/2017 U/S 294 (b), 506 (i), 306, IPC And Sec 120 (0) KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് അടുത്ത ദിവസം ബോധവതിയായ ടിയാളുടെ മൊഴി ഡോക്ടറുടെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട മജിസ്ട്രേറ്റിനെക്കൊണ്ട് രേഖപ്പെടുത്തിയതിലും ടിയാളുടെ മൊഴി പോലീസ് രേഖപ്പെടുത്തിയതിലും ടിയാളുടെ

അയൽവാസിയും കോവളം നിയമസഭാ സാമാജികനും ആയ ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. ടിയാളെ രണ്ട് തവണ ലൈംഗിക അതിക്രമത്തിന് വിധേയമാക്കിയെന്നും തുടർന്നു നിരന്തരം ടിയാളെ ഫോണിൽ വിളിച്ച് ലൈംഗിക ചുവയുള്ള സംഭാഷണങ്ങൾ നടത്തിയും പുറകെ പിൻതുടർന്ന് ശല്യം ചെയ്യുന്നതായും മൊഴി നൽകിയിട്ടുള്ളതുമാകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ U/S, 450, 451, 376 (2) (n), 354, 354(A),(i),(ii),(iii), (iv), 354 (D) IPC എന്നീ വകുപ്പുകൾ കൂടുതലായി ചേർത്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്.

തുടർന്ന് എം.എൽ.എ. പ്രതിയായുള്ള ലൈംഗിക പീഡന കേസ് ആകയാലും ആയതിന്റെ ഗൗരവം കണക്കിലെടുത്ത് കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ നെയ്യാറ്റിൻകര ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഈ കേസിന്റെ അന്വേഷണം നടത്തിയിട്ടുള്ളതാകുന്നു.

കേസ് അന്വേഷണത്തിൽ സാക്ഷി മൊഴികൾക്കു പുറമേ ശാസ്ത്രീയവും മെഡിക്കൽ സംബന്ധമായ തെളിവുകളും ശേഖരിച്ച് ടി കേസിലേയ്ക്ക് കുറ്റമറ്റതും നിഷ്പക്ഷവുമായ അന്വേഷണം നടത്തിയതിൽ ഈ കേസിൽ പ്രതിയായിപ്പറയുന്ന വിൻസെന്റ്, എം.എൽ.എ. 2016 ജൂൺ മാസം 15-ാം തീയതി കഴിഞ്ഞുള്ള ഒരു ദിവസം ടി കേസിലെ വിക്ടിം ********** നിന്നും ഫോൺ നമ്പർ കരസ്ഥമാക്കി ടിയാളെ നിരന്തരം ഫോണിൽ വിളിച്ച് ലൈംഗിക ചുവയുള്ള സംഭാഷണങ്ങൾ നടത്തിയും 2016 സെപ്റ്റംബർ മാസം 10-ാം തീയതി ഉദ്ദേശം രാത്രി 8.00 മണിയോടുകൂടി ടി എം. വിൻസെന്റ്, എം.എൽ.എ. ടി വീട്ടിനകത്ത് അതിക്രമിച്ച് കയറി ടിയാളെ പൂണ്ടടക്കം പിടിച്ച് തള്ളിക്കൊണ്ട് പോയി ഹാൾ മുറിയുടെ പടിഞ്ഞാറെ മൂലയിലുള്ള മുറിയിൽ വച്ച് ടിയാളുടെ സമ്മതമില്ലാതെ ലൈംഗിക അതിക്രമത്തിന് വിധേയമാക്കി ബലാൽസംഗം ചെയ്തും, തുടർന്ന് പലദിവസങ്ങളിലും ടിയാളെ ഫോണിൽ വിളിച്ച് ടി വിവരം പുറത്ത് പറഞ്ഞാൽ ഭർത്താവിനും മകനും ദോഷം ചെയ്യുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയും തുടർന്ന് 2016 നവംബർ മാസം 10-ാം തീയതി രാവിലെ 11.00 മണിയോടെ ടി വീട്ടിൽ പ്രതി എം. വിൻസെന്റ്, എം.എൽ.എ. അതിക്രമിച്ച് കയറി ടി മുറിയിൽ വച്ച് വീണ്ടും ടിയാളെ ലൈംഗിക അതിക്രമത്തിന് വിധേയമാക്കിയും, തുടർന്ന് 2016 ഡിസംബർ മാസം 24-ാം തീയതി വൈകിട്ട് 3 മണിയോടെയും 2017 ജനുവരി മാസം ആദ്യത്തെ ആഴ്ചയിലെ ഒരു ദിവസവും പ്രതി എം. വിൻസെന്റ്, എം.എൽ.എ. ടി കടയിൽ കയറിവന്ന് ഫോൺ വിളിക്കണം എന്നും മറ്റും ആവശ്യപ്പെട്ട് ചീത്ത വിളിച്ചും പലദിവസങ്ങളിലും പല ഫോൺ നമ്പരുകളിൽ നിന്നും നേരിട്ടും ലൈംഗിക ആവശ്യങ്ങൾക്ക് ക്ഷണിച്ചും, വഴങ്ങാത്ത ടിയാളെ ഫോണിലൂടെയും നേരിട്ടും അസഭ്യം പറഞ്ഞും ഭീഷണിപ്പെടുത്തിയും, ഇഷ്ടക്കേട് പ്രകടിപ്പിച്ചിട്ടും ലൈംഗികമായ ഉദ്ദേശത്തോടെ ടിയാളെ പിൻതുടർന്ന് ശല്യം ചെയ്തും പ്രതിയുടെ മേൽ പ്രവർത്തികളുടെ പ്രത്യക്ഷ കാരണങ്ങളാൽ 19-7-2017 പകൽ 12.00 മണിക്ക് ടിയാളും മറ്റും താമസിച്ച് വരുന്ന ടി വീട്ടിലെ ടി മുറിയിൽ വച്ച് ഗുളികകൾ അമിതമായി കഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ച് അവശനിലയിലായി ചികിത്സയിൽ കഴിഞ്ഞിട്ടുള്ളതായും വെളിവായിട്ടുള്ളതാകുന്നു.

ഈ കേസിന്റെ അന്വേഷണമദ്ധ്യേ എം.വിൻസെന്റ് എം.എൽ.എ. കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിവാകയാൽ 22-7-2017-ാം തീയതി ടി എം.എൽ.എ.യെ ബഹു.കേരള നിയമസഭാ സ്പീക്കറുടെ അനുവാദം വാങ്ങി ചോദ്യം ചെയ്ത് നിയമാനുസരണം അറസ്റ്റ് ചെയ്തിട്ടുള്ളതും റിമാന്റ് അപേക്ഷ സഹിതം നിയമാനുസരണം ബഹു.കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും കോടതിയിൽ നിന്ന് റിമാന്റ് അനുവദിച്ച് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വന്നിരുന്നതുമാകുന്നു.

തുടർന്ന് ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി 7-12-2017 തീയതി ബഹു. നെയ്യാറ്റിൻകര JFMC III കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

(ഒപ്പ്)

ബി. ഹരികുമാർ,
*ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.*

നെയ്യാറ്റിൻകര,
12-12-2017.

അനുബന്ധം 6

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2017 ഡിസംബർ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി 2017 ഡിസംബർ 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ V-B സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
2. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
3. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.
4. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

5-12-2017-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-ക്കെതിരെ രജിസ്റ്റർ ചെയ്ത കേസിന്റെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-ക്കെതിരെ ബാലരാമപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം നമ്പർ 940/17 കേസിന്റെ അന്വേഷണം പൂർത്തിയാക്കി 7-12-2017-ൽ നെയ്യാറ്റിൻകര JFMC III മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന ആഭ്യന്തര വകുപ്പിന്റെ റിപ്പോർട്ടിലെ പരാമർശം സമിതി വിശദമായി പരിശോധിച്ചു. പേജ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ക്രിമിനൽ കേസുകളുടെ കാര്യത്തിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതു മുതൽ വിധിന്യായം പുറപ്പെടുവിക്കുന്നതുവരെയുള്ള കാലയളവിൽ പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലിരിക്കുന്നതായി (Sub-judice) കണക്കാക്കേണ്ടതാണെന്നും Rule of Sub-Judice പ്രകാരം അത്തരം കേസ് സമിതി പരിഗണിക്കുകയാണെങ്കിൽ ആയത് കോടതി അലക്ഷ്യമായേക്കാമെന്നും സമിതി വിലയിരുത്തി. ശ്രീ. എം. വിൻസെന്റിനെതിരെയുള്ള ക്രിമിനൽ കേസ് കോടതിയുടെ പരിഗണനയിൽ തുടരുന്നതിനാൽ മേൽ വസ്തുത പരിഗണിച്ച് ശ്രീ. എം. വിൻസെന്റിനെതിരെ പെരുമാറ്റച്ചട്ടലംഘനം സംബന്ധിച്ച് സമിതിയ്ക്ക് റഫർ ചെയ്യപ്പെട്ട ഈ പരാതിയിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നും ആയതിന്മേൽ പ്രത്യേക ശിപാർശകൾ നൽകേണ്ടതില്ലെന്നും സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 2.45-ന് അവസാനിച്ചു.

## അനുബന്ധം 7

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2018 സെപ്റ്റംബർ 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2018 സെപ്റ്റംബർ 12-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ V-A സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
2. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
3. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

<u>ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-ക്കെതിരെ ബാലരാമപുരം സ്വദേശി ശ്രീ. സ്റ്റാൻലി നൽകിയ പരാതിയിന്മേലുള്ള തുടർ നടപടി സംബന്ധിച്ച്:</u>

(ഫയൽ നമ്പർ 4004/ടേബിൾ-2/2017/നി.സെ.)

പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ പരാതിയിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്നും വിഷയം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കാനും തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 19-9-2018-ന് തിരുവനന്തപുരത്ത് വച്ച് ചേരുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 2.50 മണിക്ക് അവസാനിച്ചു.

അനുബന്ധം 8

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2018 ഡിസംബർ 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2018 ഡിസംബർ 10-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ V-A സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജോർജ് എം.തോമസ്, എം. എൽ. എ.
2. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ.
4. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-ക്കെതിരെ ബാലരാമപുരം സ്വദേശി ശ്രീ. സ്റ്റാൻലി നൽകിയ പരാതിയിന്മേലുള്ള സമിതിയുടെ കരട് റിപ്പോർട്ട് ഭേദഗതി കൂടാതെ അംഗീകരിച്ചു.

(ഫയൽ നമ്പർ 4004/ടേബിൾ-2/2017/നി.സെ.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.